പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1630 — 13.06.2014- ൽ മറുപടിക്ക്

## സാമൂഹ്യസുരക്ഷാ കേന്ദ്രങ്ങളെ വിലയിരുത്താൻ നടപടി

ചോദ്യം

ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി

ഉത്തരം

ഡോ. എം.കെ. മുനീർ

( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അഗതികൾ, അനാഥർ, പരിചരിക്കാനാളില്ലാതെ കഷ്ടപ്പെടുന്ന വയോജനങ്ങൾ എന്നിവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്താൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് അറിയിക്കാമോ; | (എ) | അഗതികൾ, അനാഥർ, പരിചരിക്കാനാളില്ലാതെ കഷ്ടപ്പെടുന്ന വയോജനങ്ങൾ എന്നിവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾ സർക്കാർ തലത്തിലും എൻ ജി ഒ തലത്തിലും പ്രവർത്തിക്കുന്നുണ്ട്. എൻ ജി ഒ തലത്തിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള സംവിധാനങ്ങൾ താഴെ കൊടുക്കുന്നു.<br>1. എൻ ജി ഒ തലത്തിലുള്ള സ്ഥാപങ്ങൾക്ക് നിലവിൽ പ്രവർത്തന അനുമതി നൽകുന്നതിനും അവയുടെ മേൽനോട്ടത്തിനും വേണ്ടി സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡ് പ്രവർത്തിക്കുന്നുണ്ട്.<br>2. ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് വേണ്ടി സംസ്ഥാന തലത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു സംസ്ഥാന സമിതിയും, ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എം എൽ എ മാർ ഉൾപ്പടെയുള്ളവർ അംഗങ്ങൾ ആയിട്ടുള്ള നിരീക്ഷണ സമിതിയും നിലവിലുണ്ട്.<br>3. കൂടാതെ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി നിരീക്ഷിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ |

| | | | |
|---|---|---|---|
| | | | നേതൃത്വത്തിൽ 3 അംഗങ്ങൾ ഉള്ള ഇൻസ്പെക്ഷൻ ടീം പ്രവർത്തിക്കുന്നുണ്ട്. 4. ജില്ലകളിൽ സാമൂഹ്യനീതി ജില്ലാ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ഥാപനങ്ങളെ വിലയിരുത്തുന്നതിന് ഉദ്യോഗസ്ഥ തലത്തിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | വിവിധ കമ്മീഷനുകൾ, കൺട്രോൾ ബോർഡുകൾ എന്നിവയുടെ ആധിക്യവും, അവയുടെ പലതരത്തിലുള്ള നിർദ്ദേശങ്ങളും ക്രോഡീകരിക്കുന്നതിനും അവയെ പൊതുവായ നിയമത്തിൻ കീഴിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) | പാർലമെന്റോ സംസ്ഥാന നിയമസഭയോ പാസ്സാക്കിയ നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് സംസ്ഥാനത്തെ കമ്മീഷനുകളും ഓർഫനേജ് കൺട്രോൾ ബോർഡും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നത്. അപ്രകാരം രൂപീകരിക്കപ്പെട്ട കമ്മീഷനുകൾ പ്രസ്തുത നിയമങ്ങളിൽ വിഭാവനം ചെയ്തിട്ടുള്ള ഉദ്ദേശ ലക്ഷ്യങ്ങൾക്കായാണ് പ്രവർത്തിക്കുന്നത്. ഇത്തരം കമ്മീഷനുകളെ ഏകീകരിച്ച് ഒരു നിയമത്തിൻ കീഴിൽ കൊണ്ടു വരിക എന്നത് പ്രായോഗികമല്ല. എന്നാൽ ഇവയുടെ നിർദ്ദേശങ്ങൾ ഏകോപിപ്പിച്ചാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ